29/12/21
08/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.737(3)/*2015/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4708/*എസ്.ഐ.സി-ജി 1/2015*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി: 08-12-2021)

**ശ്രീ. മുരളീധരൻ പിള്ള,**
നിലാവ്, ആരംപുന്ന
ഇളമ്പൽ പി.ഒ, പുനലൂർ
കൊല്ലം, 691 322 — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്
   പുനലൂർ പോലീസ് സ്റ്റേഷൻ, കൊല്ലം 691 305

2. അപ്പീൽ അധികാരി & സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്
   പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം,
   കൊല്ലം 691 305 — എതിർകക്ഷികൾ

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 18-06-2019 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ഉത്തരവ് കൈപ്പറ്റി 20 ദിവസത്തിനുള്ളിൽ അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണ്, എന്നായിരുന്നു ഉത്തരവിൽ പറഞ്ഞിരുന്നത്.

2. എന്നാൽ ഇതനുസരിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ ടി എസ്.പി.ഐ.ഒ തയ്യാറായില്ല എന്നു കാണിച്ച് അപ്പീൽ ഹർജിക്കാരൻ 30-10-2019 ൽ കമ്മീഷന് പരാതി നൽകുകയുണ്ടായി.

3. അപ്പീൽ ഹർജിക്കാരന്റെ മറ്റു രണ്ട് അപ്പീൽ ഹർജികളിലും പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ (2019 ജൂണിലെ) തികച്ചും നിഷേധാത്മകവും, കുറ്റകരവുമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. വിവരാവകാശ നിയമത്തെയും, കമ്മീഷനെയും ധിക്കരിക്കുകയും അവഹേളിക്കുകയും ചെയ്യുന്ന സമീപനമാണ് പരാമർശിത കാലയളവിലെ പുനലൂർ പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ ആവർത്തിച്ചു സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഒരു തരത്തിലും വകവച്ചു കൊടുക്കാൻ കഴിയുന്ന കാര്യമല്ല. മാത്രവുമല്ല ഇത് കടുത്ത നടപടി ആവശ്യപ്പെടുന്ന കാര്യവും ആണ്.

4. ആയതുകൊണ്ട്, വിവരാവകാശ അപേക്ഷകൾക്ക് കൃത്യമായി മറുപടി നൽകാതിരിക്കുകയും, കമ്മീഷന്റെ ഉത്തരവുകൾ ആവർത്തിച്ചു ലംഘിക്കുകയും ചെയ്യുന്ന ടി എസ്.പി.ഐ.ഒ യെ കമ്മീഷൻ വിവരാവകാശ നിയമം 20(1), (2) വകുപ്പുകൾ പ്രകാരം പിഴ ചുമത്താനും, ടിയാനെതിരെ വകുപ്പുതല നടപടിക്കു ശുപാർശ ചെയ്യാനും തീരുമാനിക്കുന്നു. ശിക്ഷ ഏർപ്പെടുത്തുന്ന കാര്യത്തിൽ ടിയാന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ കമ്മീഷനെ നേരിട്ടോ, രേഖാമൂലമോ അറിയിക്കേണ്ടതാണ്. വിശദീകരണം ഒന്നും ലഭിക്കാത്ത പക്ഷം, ടിയാന് ഇക്കാര്യത്തിൽ കൂടുതലായി ഒന്നും ബോധിപ്പിക്കാനില്ലാ എന്ന നിഗമനത്തിൽ, കമ്മീഷൻ തുടർ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

5. ടി എസ്.പി.ഐ.ഒ സ്ഥലം മാറി പോവുകയോ, സർവ്വീസിൽ നിന്നു വിരമിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ഉത്തരവിന്റെ പകർപ്പ് എത്തിച്ച് ടിയാനിൽ നിന്നും വിശദീകരണം വാങ്ങി കമ്മീഷന് ലഭ്യമാക്കേണ്ട ചുമതല നിലവിലെ എസ്.പി.ഐ.ഒ ക്ക് ആയിരിക്കും.

6. മേൽ പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം ഡിസംബർ 8, 2021 ന് താല്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre